سورة البلد

90.സൂറതുൽ ബലദ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 20

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

لَآ أُقْسِمُ بِهَٰذَا ٱلْبَلَدِ ﴿١﴾

《1》 ഈ രാജ്യത്തെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു;

وَأَنتَ حِلٌّۢ بِهَٰذَا ٱلْبَلَدِ ﴿٢﴾

《2》 -നീ ഈ രാജ്യത്തിൽ അനുവദനീയനാണ് താനും,-

وَوَالِدٍ وَمَا وَلَدَ ﴿٣﴾

《3》 ജനയിതാവിനെയും, അത് ജനിപ്പിക്കുന്നതിനെയും കൊണ്ടും (സത്യം ചെയ്യുന്നു)!-

لَقَدْ خَلَقْنَا ٱلْإِنسَٰنَ فِى كَبَدٍ ﴿٤﴾

《4》 തീർച്ചയായും, മനുഷ്യനെ ക്ലേശത്തിലായിക്കൊണ്ട് നാം സൃഷ്ടിച്ചിരിക്കുന്നു.

《1》 لَاأُقْسِمُ ഞാൻ സത്യം ചെയ്ത് പറയുന്നു بِهَذَاالْبَلَدِ ഈ രാജ്യം കൊണ്ട് 《2》 وَأَنْتَ നീ (ആകുന്നുതാനും) حِلٌّ അനുവദനീയൻ, ഇറങ്ങിയവൻ بِهَذَاالْبَلَدِ ഈ രാജ്യത്തിൽ 《3》 وَوَالِدٍ ജനയിതാവിനെയും وَمَاوَلَدَ അത് ജനിപ്പിച്ചതിനെയും (കൊണ്ടും) 《4》 لَقَدْخَلَقْنَا തീർച്ചയായും നാം സൃഷ്ടിച്ചിരിക്കുന്നു الْإِنْسَانَ മനുഷ്യനെ فِي كَبَدٍ ക്ലേശത്തിലായിട്ട്, ബുദ്ധിമുട്ടിലായി

ഈ സൂറത്ത് അവതരിച്ചതും, നബിﷺ താമസിച്ചു വരുന്നതും മക്കഃയിലായിരുന്നതുകൊണ്ട് 'ഈ രാജ്യം (هَذَاالْبَلَدِ) എന്ന് മക്കഃയെ ഉദ്ദേശിച്ച് പറഞ്ഞതാണെന്ന് വ്യക്തമാണ്. ഇസ്‌ലാമിനുമുമ്പ് ജാഹിലിയ്യത്തിലും ആ രാജ്യത്തിന് അറബികൾ വമ്പിച്ച സ്ഥാനം

കൽപിച്ചിരുന്നുവല്ലോ. ക്വുറൈശികൾക്ക് അറബികളുടെ നേതൃസ്ഥാനം കൈവരുവാനുള്ള കാരണം അവർ മക്കഃയിലെ കഅ്ബാ ശരീഫിന്റെ പരിചാരകരും അധികാരസ്ഥരുമായിരുന്നതാണ്. ഈ സ്ഥിതിക്ക് ആ രാജ്യത്തെക്കൊണ്ട് സത്യം ചെയ്യുന്നത് മുസ്‌ലിംകളെ മാത്രമല്ല, മുശ്‌രിക്കുകളെ അപേക്ഷിച്ചും വളരെ പ്രാധാന്യം അർഹിക്കുന്നു. അടുത്തതായി, ജനയിതാവിനെക്കൊണ്ടും, അത് ജനിപ്പിച്ചതിനെക്കൊണ്ടും സത്യം ചെയ്തിരിക്കുന്നു. 'ജനയിതാവ്' എന്ന് അർത്ഥം കൽപിച്ച وَالِد (വാലിദ്) എന്ന വാക്ക് മാതാവിനും പിതാവിനും ഉപയോഗിക്കാവുന്നതാണ്. മാതാവിനെ പ്രത്യേകം ഉദ്ദേശിക്കുമ്പോൾ അതിൽ സ്ത്രീലിംഗ ചിഹ്നം ചേർത്ത് (وَالِدة) എന്ന് പറയപ്പെടും. മനുഷ്യന്റെ മാത്രമല്ല, ഇതരജീവികളുടെ ജനയിതാക്കൾക്കും, വ്യക്തികളുടെ മാത്രമല്ല, സമൂഹത്തിന്റെ ജനയിതാക്കൾക്കുമെല്ലാം ഉപയോഗിക്കാവുന്ന വാക്കാണത്. ആ നിലക്ക് നോക്കുമ്പോൾ, മനുഷ്യപിതാവിന്റെയും മനുഷ്യസമുദായത്തിന്റെയും- അല്ലെങ്കിൽ മറ്റെല്ലാ സമുദായങ്ങളുടെയും അവയുടെ ജനയിതാക്കളുടെയും- ഉത്ഭവം, വളർച്ച, വികസനം, പെരുപ്പം ആദിയായവയിൽ അടങ്ങിയ ദൃഷ്ടാന്ത രഹസ്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ് ഈ സത്യവാചകം എന്ന് കാണാം.

ഒന്നാം വചനത്തിൽ മക്കഃയെക്കൊണ്ടുള്ള സത്യത്തിന് ഒരു ഉപാധിയെന്നോണം രണ്ടാം വചനത്തിൽ 'നീ ഈ രാജ്യത്തിൽ അനുവദനീയനാണ്' എന്ന് പറഞ്ഞതിനെപ്പറ്റി അൽപമൊന്ന് വിവരിക്കേണ്ടതുണ്ട്. حِلٌّ (ഹില്ലുൻ) എന്ന പദത്തിന് അനുവദനീയമായവൻ എന്നും, ഇറങ്ങിവന്നവൻ- അഥവാ വന്ന് താമസിക്കുന്നവൻ- എന്നും, കെട്ടഴിഞ്ഞവൻ- അഥവാ നിരുപാധികമായവൻ അല്ലെങ്കിൽ സ്വതന്ത്രൻ- എന്നും മറ്റും അർത്ഥങ്ങൾ വരാവുന്നതാണ്. കഅ്ബഃയും അതിന്റെ ചുറ്റുപാടിൽ കുറേ നാഴികകളോളം വരുന്ന സ്ഥലങ്ങളും ഉൾപ്പെട്ട പ്രദേശത്തിന് 'ഹറം' (حرم) എന്ന് പറയപ്പെടുന്നു. അക്രമം, കയ്യേറ്റം, കുഴപ്പം, ഹിംസ ആദിയായ അനാദരവുകളൊന്നും പാടില്ലെന്ന് പ്രത്യേകം മുടക്കം ചെയ്യപ്പെട്ട പരിപാവനമായ സ്ഥലം എന്നാണതുകൊണ്ട് വിവക്ഷ. ഈ പദത്തിന്റെ വിപരീതമെന്ന നിലക്ക് 'ഹറ'മല്ലാത്ത സ്ഥലം എന്ന അർത്ഥത്തിലും, നിഷിദ്ധം എന്ന അർത്ഥത്തിലുള്ള 'ഹറാമി (حرام)'ന്റെ വിപരീതമെന്ന നിലക്ക് അനുവദനീയമായത് എന്ന അർത്ഥത്തിലും حِلٌّ എന്ന പദം ഉപയോഗിക്കപ്പെടാറുണ്ട്. അതുകൊണ്ട് ഈ വചനത്തിന് താഴെ കാണുന്ന ഒന്നിലധികം വ്യാഖ്യാനങ്ങൾ നൽകപ്പെട്ടുകാണാം.

(1) ഈ രാജ്യത്തെക്കൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു. അതിന്റെ പരിപാവനത്വവും അലംഘനീയതയും പ്രസിദ്ധമാണ്. അതിന്റെ അലംഘനീയ പരിധിയിൽനിന്ന് നിനക്ക് ഒരു ഇളവ് ലഭിക്കുവാൻ പോകുന്നുണ്ട്. ഇതാണ് പല മഹാൻമാരും സ്വീകരിച്ച ഒരു വ്യാഖ്യാനം. ഹിജ്റഃ 8 -ാം കൊല്ലത്തിൽ നടന്ന മക്കാവിജയ സംഭവത്തെയാണിത് സൂചിപ്പിക്കുന്നത്. അറേബ്യയുടെ ഏതാനും ഭാഗം ഇസ്‌ലാമിന് കീഴൊതുങ്ങിക്കഴിഞ്ഞെങ്കിലും ഇസ്‌ലാമിന്റെ മർമപ്രധാനവും പൂർവകേന്ദ്രവുമായ മക്കാനഗരി വിഗ്രഹങ്ങളുടെ ഭരണാധികാരത്തിൽ അവശേഷിക്കുവാൻ പാടില്ലല്ലോ. ക്വുറൈശികളുടെ ഒരു കരാർലംഘനത്തെത്തുടർന്ന് നബിﷺ മക്കഃയിലേക്ക് പടയെടുത്തുചെന്നു. കഅ്ബഃയുടെ മഹത്വത്തിനും ബഹുമാനത്തിനും യാതൊരു കോട്ടവും വരുത്താതെ ആ രാജ്യം ജയിക്കുകയും ചെയ്തു. സാധാരണനിലക്ക് മക്കഃയിലേക്ക് പടയെടുത്തും, അൽപനേരത്തെ നിസ്സാര ഏറ്റുമുട്ടലുണ്ടായതും അതിന്റെ അലംഘനീയതക്ക് യോജിച്ചതല്ലല്ലോ. എന്നാൽ, അത്- മേൽ സൂചിപ്പിച്ചപ്രകാരം- അല്ലാഹുവിൽനിന്ന് നബിﷺക്ക് ലഭിച്ച പ്രത്യേക അനുമതി അനുസരിച്ചായിരുന്നു. ഈ യാഥാർത്ഥ്യം നബിﷺ ഹജ്ജത്തുൽ വിദാഇലെ സുപ്ര

സിദ്ധമായ പ്രസംഗത്തിൽ വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

(2) ഈ രാജ്യംകൊണ്ട് ഞാൻ സത്യം ചെയ്യുന്നു: ഇതിന്റെ അലംഘനീയതയും പരിപാവനത്വവും എല്ലാവരും അറിയുന്നതാണ്. എങ്കിലും നീ (നബി) ഈ രാജ്യത്ത് അനാദരിക്കപ്പെട്ടവനും, അക്രമങ്ങൾക്ക് വിധേയനും ആയിക്കൊണ്ടാണിരിക്കുന്നത്. ഇത് പരിഗണിച്ചുകൊണ്ടുതന്നെയാണ് ഈ രാജ്യത്തെക്കൊണ്ട് സത്യം ചെയ്തിരിക്കുന്നത്. എന്നിങ്ങനെയാണ് മറ്റൊരു വ്യാഖ്യാനം. ഈ നിലക്കൊരുമാറ്റം വഴിയെ വരാനിരിക്കുന്നുവെന്ന് ഇതിൽ സൂചനയുണ്ട്.

(3) ഈ രാജ്യത്ത് നീ (നബി) താമസിച്ചുവരുന്നുവെന്നുകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ രാജ്യം കൊണ്ട് സത്യം ചെയ്യുന്നത്. ഇതാണ് മൂന്നാമതൊരു വ്യാഖ്യാനം. മക്കഃയുടെ സുസ്ഥിരമായ സ്ഥാനപദവികൾ നിലവിലുള്ളതോടെത്തന്നെ, അല്ലാഹുവിങ്കൽനിന്നുള്ള ദിവ്യസന്ദേശങ്ങൾ ഏറ്റുവാങ്ങിയും, അത് പ്രബോധനം ചെയ്തുംകൊണ്ട് നബി തിരുമേനി ﷺ അവിടെ താമസിച്ചുവരുന്നത് ആ പദവികൾക്ക് കൂടുതൽ മാറ്റുകൂട്ടുന്നതാണല്ലോ. നബി തിരുമേനി ﷺ യുടെ ഹിജ്റഃക്കുശേഷം ഈ പദവി മൂന്ന് 'ഹറമു'കളിൽ രണ്ടാം സ്ഥാനമുള്ള മദീനഃക്ക് ലഭിച്ചിരിക്കുകയാണ്. (മൂന്നാമത്തെ 'ഹറം' ബൈത്തുൽമുക്വദ്ദസ്സുമാകുന്നു.)

പലതരം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ടുള്ള ഒരു പ്രകൃതിയോടെയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്നത്രെ മേൽകണ്ട സത്യങ്ങളെത്തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നത്. കുറച്ചുകാലം മാതാവിന്റെ ഗർഭാശയമാകുന്ന ഇടുങ്ങിയ ഒരു ഇരുട്ടറയിൽ മനുഷ്യൻ അസ്വതന്ത്രനായി കഴിച്ചുകൂട്ടുന്നു. അതിൽനിന്ന് പുറത്തുവരുന്നതും ക്ലേശമനുഭവിച്ചുകൊണ്ടുതന്നെ. അന്നുമുതൽതൊട്ട് മരണംവരെ, ദേഹത്തിനും മനസ്സിനുമായി, സ്വന്തം കാര്യത്തിലും കുടുംബകാര്യത്തിലുമായി, സാമ്പത്തികവും സാമൂഹ്യവുമായി, ഇങ്ങനെ പലവിധത്തിൽ എത്രയെത്ര വിഷമങ്ങൾ അവൻ അനുഭവിക്കണം? ആലോചിച്ചു നോക്കുക. ഇങ്ങനെ ക്ലേശപൂർണമായ ഈ ജീവിതത്തിൽകൂടി വേണം മനുഷ്യന് ഭാവി ജീവിതവിജയത്തിനുള്ള മാർഗവും കരസ്ഥമാക്കുവാൻ. പ്രബോധന തുറയിൽ നബി ﷺ അനുഭവിച്ചുവരുന്ന ക്ലേശങ്ങളും അക്കൂട്ടത്തിൽ ഉൾപെടുന്നതാണെന്നും, അതിൽ വ്യസനപ്പെടേണ്ടതില്ലെന്നും ഒരു സൂചനയും ഈ വചനത്തിൽ അടങ്ങിയിരിക്കാം. ഏതായാലും പരലോക ജീവിതത്തിന്റെ കാര്യം കണക്കിലെടുക്കാതെ, അതിനുവേണ്ടി ക്ലേശം സഹിക്കുവാൻ തയ്യാറില്ലാതെ, സ്വേച്ഛകൾക്കുവേണ്ടി എന്ത് ക്ലേശവും സഹിക്കുവാൻ തയ്യാറാകുന്നവരാണ് ഒരു വിഭാഗം ആളുകൾ. അവരെപറ്റി അല്ലാഹു പറയുന്നു:-

أَيَحْسَبُ أَن لَّن يَقْدِرَ عَلَيْهِ أَحَدٌ ﴿٥﴾

﴾5﴿ അവൻ വിചാരിക്കുന്നുവോ, -അവനോട് ഒരാൾക്കും കഴിവുണ്ടാകുന്നതേയല്ല എന്ന്?!

يَقُولُ أَهْلَكْتُ مَالًا لُّبَدًا ﴿٦﴾

﴾6﴿ അവൻ പറയുന്നു: 'ഞാൻ മേൽക്കുമേൽ (വളരെയധികം) ധനം (ചിലവാക്കി) നശിപ്പിച്ചു'വെന്ന്!

أَيَحْسَبُ أَن لَّمْ يَرَهُۥٓ أَحَدٌ ﴿٧﴾

﴾7﴿ അവൻ വിചാരിക്കുന്നുവോ- അവനെ ഒരാളും കാണുന്നില്ലെന്ന്?!

﴾5﴿ أَيَحْسَبُ അവൻ കണക്ക് കൂട്ടുന്നു (വിചാരിക്കുന്നു)വോ أَن لَّن يَقْدِرَ കഴിയുന്നതേ അല്ല എന്ന് عَلَيْهِ അവന്റെമേൽ, അവനോട് أَحَدٌ ഒരാളും (ഒരാൾക്കും) ﴾6﴿ يَقُولُ അവൻ പറയുന്നു, പറയും أَهْلَكْتُ ഞാൻ നശിപ്പിച്ചു مَالًا ധനം, സ്വത്ത് لُّبَدًا അട്ടിയായി (മേൽക്കുമേൽ), വളരെ ﴾7﴿ أَيَحْسَبُ അവൻ വിചാരിക്കുന്നോ أَن لَّمْ يَرَهُۥ അവനെ കണ്ടിട്ടില്ലെന്ന്, കാണുന്നില്ലെന്ന് أَحَدٌ ഒരാളും

അവൻ എന്ത് ചെയ്താലും ചോദ്യം ചെയ്യാൻ ആളില്ല. ആർക്കും അവനെ പിടിക്കുവാനും അവന്റെമേൽ നടപടി എടുക്കുവാനും സാധ്യമല്ല എന്നൊക്കെയുള്ള ഭാവമാണ് അവന്റെ ധിക്കാരത്തിൽനിന്നും പ്രകടമാകുന്നത്. ഞാൻ എത്രയോ ധനം ചിലവഴിച്ചു, ഇന്നിന്ന വിഷയത്തിൽ ഇത്രയിത്ര വിനിയോഗിച്ചു, ധർമത്തിനുവേണ്ടി വമ്പിച്ച സംഖ്യ നശിപ്പിച്ചു എന്നൊക്കെ അവൻ അഹങ്കരിക്കുകയും, വീമ്പിളക്കുകയും ചെയ്യുന്നു. അവനെപ്പറ്റി ആർക്കും അറിഞ്ഞുകൂടാ എന്നും, അവനെ ആരും കാണുന്നില്ല എന്നുമുള്ള നിലപാടാണ് അവനിൽ കാണുന്നത്. ആ വിചാരം വേണ്ട! അല്ലാഹുവിന് അവനെ എപ്പോഴും എന്തും ചെയ്യാൻ കഴിയും, അവൻ അവനെ ശരിക്കും കണ്ടും സൂക്ഷിച്ചും കൊണ്ടുതന്നെ ഇരിക്കുന്നുണ്ട് എന്ന് അവൻ ഓർമവെച്ചുകൊള്ളട്ടെ എന്ന് സാരം.

أَلَمْ نَجْعَل لَّهُۥ عَيْنَيْنِ ﴿٨﴾

﴾8﴿ അവന് നാം രണ്ട് കണ്ണുകൾ ഉണ്ടാക്കിക്കൊടുത്തിട്ടില്ലേ?-

وَلِسَانًا وَشَفَتَيْنِ ﴿٩﴾

﴾9﴿ ഒരു നാവും രണ്ട് ചുണ്ടുകളും (കൊടുത്തിട്ടില്ലേ)?-

وَهَدَيْنَٰهُ ٱلنَّجْدَيْنِ ﴿١٠﴾

﴾10﴿ (തെളിഞ്ഞുകാണുമാറ്) പൊന്തിനിൽക്കുന്ന രണ്ട് വഴികൾ അവന് നാം കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

﴾8﴿ أَلَمْ نَجْعَل നാം ഉണ്ടാക്കി (ഏർപ്പെടുത്തി)ക്കൊടുത്തിട്ടില്ലേ لَّهُۥ അവന് عَيْنَيْنِ രണ്ട് കണ്ണുകളെ ﴾9﴿ وَلِسَانًا ഒരു നാവും وَشَفَتَيْنِ രണ്ട് ചുണ്ടും, അധരങ്ങളും ﴾10﴿ وَهَدَيْنَاهُ നാമവന് കാട്ടിക്കൊടുക്കു (മാർഗദർശനം നൽകു)കയും ചെയ്തു النَّجْدَيْنِ രണ്ട് പൊന്തി (ഉയർന്ന്) നിൽക്കുന്ന വഴികൾ

കണ്ടറിയുവാൻ രണ്ട് കണ്ണുകളും, സംസാരിക്കുവാനും രുചി അറിയുവാനും ഭക്ഷണം കഴിക്കുവാനും വേണ്ടി ഒരു നാവും രണ്ട് ചുണ്ടുകളും അല്ലാഹു അവന് നൽകിയിരിക്കുന്നു. അതുപോലെത്തന്നെ, മനുഷ്യന്റെ നന്മയുടെതും തിന്മയുടേതുമായ രണ്ട് തെളിഞ്ഞ വഴികളും അവന് അല്ലാഹു കാണിച്ചു കൊടുത്തിരിക്കുന്നു. തന്റെ നന്മയുടെ മാർഗം ഏതാണെന്നോ, തിന്മയുടെ മാർഗം ഏതാണെന്നോ അറിയാതെ അവൻ വിഷമിക്കേണ്ടതില്ല. രണ്ടും വെവ്വേറെ തെളിഞ്ഞു പൊന്തിക്കാണത്തക്കവണ്ണം അല്ലാഹു അവയെ വ്യക്തമായി വിവരിച്ചുകൊടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള അനുഗ്രഹങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടും അവൻ അതിന് നന്ദിയായി നന്മയുടെ മാർഗത്തിൽ പ്രവേശിക്കുവാൻ മുതിരുന്നില്ല എന്ന് അല്ലാഹു മനുഷ്യനെ കുറ്റപ്പെടുത്തുകയാണ്. അല്ലാഹു പറയുന്നു:-

فَلَا ٱقْتَحَمَ ٱلْعَقَبَةَ ﴿١١﴾

《11》 എന്നിട്ട്, അവൻ ചുരമാർഗ ത്തിൽ തിരക്കിക്കടന്നില്ല.

وَمَآ أَدْرَىٰكَ مَا ٱلْعَقَبَةُ ﴿١٢﴾

《12》 ചുരമാർഗം എന്നാലെന്താ ണെന്ന് നിനക്ക് എന്തറിയാം?-

فَكُّ رَقَبَةٍ ﴿١٣﴾

《13》 (അതെ) അടിമയെ വിടുത ലാക്കുക;

أَوْ إِطْعَـٰمٌ فِى يَوْمٍ ذِى مَسْغَبَةٍ ﴿١٤﴾

《14》 അല്ലെങ്കിൽ, പട്ടിണിയുള്ള ദിവസത്തിൽ ഭക്ഷണം നൽകുക,-

يَتِيمًا ذَا مَقْرَبَةٍ ﴿١٥﴾

《15》 കുടുംബബന്ധമുള്ള അനാ ഥക്ക്;

أَوْ مِسْكِينًا ذَا مَتْرَبَةٍ ﴿١٦﴾

《16》 അല്ലെങ്കിൽ, മണ്ണുപുരണ്ട [കടുത്ത ദാരിദ്ര്യമുള്ള] സാധുവിന്.

《11》 فَلَا اقْتَحَمَ എന്നാൽ (എന്നിട്ട്) അവൻ തിരക്കിക്കടന്നില്ല الْعَقَبَةَ ചുരമാർഗത്തെ, മലവഴിയിൽ 《12》 وَمَا أَدْرَاكَ നിനക്ക് എന്തറിയാം, അറിവ് നൽകിയതെന്ത് مَا الْعَقَبَةُ ചുരമാർഗം എന്തെന്ന് 《13》 فَكُّ വിടുതലാക്ക (അഴിച്ചുവിട)ലാണ് رَقَبَةٍ പിരടിയെ (അ ടിമയെ) 《14》 أَوْ إِطْعَامٌ അല്ലെങ്കിൽ ഭക്ഷണം കൊടുക്കുക فِي يَوْمٍ ദിവസത്തിൽ ذِي مَسْغَبَةٍ പട്ടിണിയുള്ള 《15》 يَتِيمًا അനാഥക്കുട്ടിക്ക് ذَا مَقْرَبَةٍ അടുത്ത (കുടുംബ) ബന്ധമുള്ള 《16》 أَوْ مِسْكِينًا അല്ലെങ്കിൽ സാധുവിന്, പാവപ്പെട്ടവന് ذَا مَتْرَبَةٍ മണ്ണ് പുരണ്ട (കടുത്ത ദാരിദ്ര്യമുള്ള)

ഇതൊക്കെയാണ് ചുരമാർഗമെന്ന് പറഞ്ഞത്. ഇങ്ങനെയുള്ള മാർഗങ്ങളിലൊന്നും പ്രവേശിക്കുവാനുള്ള തിരക്കോ സാഹസമോ അവൻ കാണിച്ചില്ല. നേരെമറിച്ച് സ്വേച്ഛ യുടെ എളുപ്പമാണവൻ സ്വീകരിച്ചത്. മാത്രമല്ല;-

ثُمَّ كَانَ مِنَ ٱلَّذِينَ ءَامَنُوا۟ وَتَوَاصَوْا۟ بِٱلصَّبْرِ وَتَوَاصَوْا۟ بِٱلْمَرْحَمَةِ ﴿١٧﴾

《17》 പിന്നെ, [അതിന്പുറമെ] വിശ്വസിക്കുകയും, ക്ഷമകൊണ്ട് പര സ്പരം ഉപദേശം നൽകുകയും, കാരുണ്യം കൊണ്ട് പരസ്പരം ഉപദേശം നൽകുകയും ചെയ്തവ രുടെ കൂട്ടത്തിൽ അവൻ ആയിത്തീ രുകയും (ഉണ്ടായില്ല).

أُو۟لَـٰٓئِكَ أَصْحَـٰبُ ٱلْمَيْمَنَةِ ﴿١٨﴾

《18》 അങ്ങനെയുള്ളവർ (ശുഭക രമായ) വലതുപക്ഷത്തിന്റെ ആൾ ക്കാരത്രെ.

وَٱلَّذِينَ كَفَرُواْ بِـَٔايَـٰتِنَا هُمۡ أَصۡحَـٰبُ ٱلۡمَشۡـَٔمَةِ ﴿١٩﴾

﴾19﴿ നമ്മുടെ ആയത്ത്' [ലക്ഷ്യം] കളിൽ അവിശ്വസിച്ചവരാകട്ടെ, അവ രത്രെ, (അശുഭകരമായ) ഇടതുപക്ഷ ത്തിന്റെ ആൾക്കാർ.

عَلَيۡهِمۡ نَارٞ مُّؤۡصَدَةُۢ ﴿٢٠﴾

﴾20﴿ അവരുടെമേൽ അടച്ചുമൂട പ്പെട്ട അഗ്നിയുണ്ടായിരിക്കും.

﴾17﴿ ثُمَّ كَانَ പിന്നെ അവനാകുകയും (ചെയ്തില്ല) مِنَ الَّذِينَ യാതൊരുവരിൽപെട്ട(വൻ) آمَنُوا വിശ്വസിച്ച وَتَوَاصَوْا പരസ്പരം വസിയ്യത്തും, ഉപദേശിക്കയും ചെയ്ത بِالصَّبْرِ ക്ഷമ (സഹനം)കൊണ്ട് وَتَوَاصَوْا പരസ്പരം ഉപദേശിക്കുകയും ചെയ്ത بِالْمَرْحَمَةِ കാരുണ്യംകൊണ്ട് ﴾18﴿ أُولَٰئِكَ അക്കൂട്ടർ أَصْحَابُ ആൾക്കാരാണ് الْمَيْمَنَةِ വലതുപക്ഷ (ശുഭപക്ഷ)ത്തിന്റെ ﴾19﴿ وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ بِآيَاتِنَا നമ്മുടെ ആയത്തുകളിൽ هُمْ അവർ (തന്നെ) أَصْحَابُ ആൾക്കാർ الْمَشْأَمَةِ ഇടത് (അശുഭ) പക്ഷത്തിന്റെ ﴾20﴿ عَلَيْهِمْ അവരുടെമേലുണ്ടായിരിക്കും نَارٌ مُؤْصَدَةٌ അടച്ചുമൂടപ്പെട്ട തീ (അഗ്നി)

മനുഷ്യജീവിതം ആദ്യന്തം ക്ലേശം നിറഞ്ഞതാണ്. അവ തരണം ചെയ്തുപോരുവാൻ വേണ്ടുന്ന അവയവങ്ങളും സഹായങ്ങളും അല്ലാഹു ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. കൂട്ടത്തിൽ അവന്റെ അനശ്വരജീവിതത്തിനുവേണ്ടി സമ്പാദിക്കുവാനുള്ള ക്ലേശവും അവൻ അനുഭവിക്കേണ്ടതുണ്ട്. അതിനുള്ള മാർഗങ്ങൾ വേണ്ടതുപോലെ അവന് നിർദ്ദേശിച്ച് കൊടുത്തിട്ടുമുണ്ട്. ആ സ്ഥിതിക്ക് കുറെ പ്രയാസപ്പെട്ടുകൊണ്ടെങ്കിലും ആ മാർഗങ്ങളിൽ അവൻ പ്രവേശിക്കേണ്ടതാണ്. അടിമത്തമാകുന്ന ബന്ധംകൊണ്ട് കഴുത്ത് ഞെരുങ്ങി അസ്വതന്ത്രനായി വിഷമിക്കുന്നവന് അഥവാ അടിമകൾക്ക്- മോചനം ലഭിക്കുവാൻ വേണ്ടത് ചെയ്യുക, പഞ്ഞം പിടിപെട്ടകാലത്ത് അടുത്ത ബന്ധുക്കളായ അനാഥകൾ, ദാരിദ്ര്യം നിമിത്തം മണ്ണല്ലാതെ മറ്റ് ഗതിയില്ലാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാധുക്കൾ മുതലായവർക്ക് അന്നദാനം ചെയ്യുക, ഇങ്ങനെ പലതും അവൻ ചെയ്യേണ്ടിയിരിക്കുന്നു. അതൊന്നും അവൻ ചെയ്തില്ല. മാത്രമോ? സത്യവിശ്വാസം, പരസ്പരം ക്ഷമകൊണ്ടും കാരുണ്യംകൊണ്ടും ഉപദേശിക്കൽ എന്നിങ്ങനെയുള്ള സൽഗുണങ്ങളോട് കൂടിയ ആളുകളുടെ കൂട്ടത്തിൽ അവൻ ഉൾപ്പെടുന്നുണ്ടോ? അതും ഇല്ല.അത്തരക്കാർ സഹിക്കുന്ന ക്ലേശങ്ങളെല്ലാം തന്നെ തങ്ങൾക്ക് നാശമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യൻ രണ്ടിലൊരു കക്ഷിയിൽ പെടാതിരിക്കയില്ല. ശുഭലക്ഷണം പൂണ്ട വലതുപക്ഷം. അശുഭലക്ഷണം പൂണ്ട ഇടതുപക്ഷം. മേൽ ചൂണ്ടിക്കാട്ടിയതുപോലുള്ള നല്ലമാർഗം സ്വീകരിച്ചവരാണ് വലതു പക്ഷക്കാർ. ഇവർക്ക്മാത്രമേ രക്ഷയുള്ളൂ. ആ മാർഗം സ്വീകരിക്കാത്തവർ അല്ലാഹുവിന്റെ ലക്ഷ്യപ്രമാണങ്ങളെയും ദൃഷ്ടാന്തങ്ങളെയും നിഷേധിക്കുന്നവരായിരിക്കും. ഇവരാണ് ഇടതുപക്ഷക്കാർ. ഇവർക്ക് ആധാരം നരകമായിരിക്കും. അതിലെ അഗ്നി അവരിൽ അയച്ചു മൂടപ്പെട്ടുകൊണ്ടുമിരിക്കും. എന്നൊക്കെയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. (വലതുപക്ഷത്തെയും ഇടതുപക്ഷത്തെയും കുറിച്ച് സൂറ:വാകിഅഃയിൽ പ്രസ്താവിച്ചത് ഓർക്കുക.)

ഇസ്‌ലാമിന്റെ ആദ്യകാലത്ത് മുസ്‌ലിംകൾ ക്വുറൈശികളുടെ അക്രമമർദ്ദനങ്ങൾക്ക്

പാത്രമായിക്കൊണ്ടിരുന്ന അവസരത്തിൽ അവതരിച്ച സൂറത്തുകളിൽ പെട്ടതാണ് ഈ സൂറത്ത്. ആദ്യവിശ്വാസികളിൽ പലരും അടിമകളായിരുന്നതുകൊണ്ട് അവർ തങ്ങളുടെ യജമാനൻമാരിൽനിന്ന് കൂടുതൽ യാതനകൾ അനുഭവിച്ചു വരികയായിരുന്നു. ഈ അവസരത്തിൽ അടിമകളെ മോചിപ്പിക്കുകയും സാധുക്കൾക്ക് അന്നദാനം ചെയ്യുകയും ചെയ്യാൻ കൽപിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാണ്. സ്വഹാബികളിൽ കഴിവുള്ളവരെല്ലാം അത് അക്ഷരംപ്രതി പാലിച്ചിട്ടുമുണ്ട്. അബൂബക്ർ (റ) ആറേഴുപേരെ മോചിപ്പിച്ചു രക്ഷപ്പെടുത്തുകയുണ്ടായി. അതിൽ ഒരാളാണ് ബിലാൽ (റ).

നബിﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: 'സത്യവിശ്വാസിയായ ഒരു അടിമയെ ആരെങ്കിലും മോചിപ്പിച്ചുവിട്ടാൽ, ആ അടിമയുടെ ഓരോ അവയവത്തിനും പകരം അല്ലാഹു അവന്റെ അവയവത്തിന് നരകത്തിൽനിന്ന് മോചനം നൽകുന്നതാണ്. (അതായത്) കയ്യിന് കയ്യും, കാലിനുകാലും, ഗുഹ്യസ്ഥാനത്തിന് ഗുഹ്യസ്ഥാനവുംവരെ' (അ; ബു; മു; തി; ന.) അടിമകളെ മോചിപ്പിക്കുന്ന വിഷയത്തിൽ ഇസ്‌ലാമിലുള്ള നിയമങ്ങളും പ്രോത്സാഹനങ്ങളും നിരവധിയാണ്.

رَقَبَة (റക്വബത്ത്) എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം 'പിരടി' അല്ലെങ്കിൽ 'കഴുത്ത്' എന്നാകുന്നു. അടിമത്തമാകുന്ന ചങ്ങലകൊണ്ട് അടിമയുടെ കഴുത്ത് ബന്ധിക്കപ്പെടുന്നതുകൊണ്ട് 'അടിമ' എന്ന അർത്ഥത്തിൽ ആ വാക്ക് ഉപയോഗിക്കുക പതിവായി. (കഴുത്ത്, തല, കൈ മുതലായ ഏതെങ്കിലും ഒരു പ്രധാന അവയവത്തിന്റെ പേര് പറഞ്ഞു ചിലപ്പോൾ മൃഗത്തെ ഉദ്ദേശിക്കലും അറബിയിലെന്നപോലെ മലയാളത്തിലും പതിവുള്ളതാണ്.)

അനാഥകൾക്കും സാധുക്കൾക്കും അന്നദാനം ചെയ്യുന്നത് എപ്പോഴും വളരെ പുണ്യപ്പെട്ട കർമംതന്നെ, എന്നാൽ അടുത്ത കുടുംബത്തിലുള്ളവരാകുകയും, പട്ടിണിയും പഞ്ഞവും ഉള്ളകാലത്താവുകയും ചെയ്യുമ്പോൾ അതിന്റെ കടമയും പ്രാധാന്യവും കൂടുതൽ വർദ്ധിക്കുന്നു. നബി ﷺ പറയുന്നു: 'സാധുവിന് ധർമം കൊടുക്കൽ ഒരു ധർമമാകുന്നു; രക്തബന്ധമുള്ളവന് കൊടുക്കുന്നത് രണ്ട് ധർമമാണ്. അതായത്, ധർമവും, കുടുംബം പാലിക്കലും.' (അ; തി; ന) ചൂണ്ടാണിവിരലും നടുവിരലും അകറ്റിപ്പിടിച്ചു ആംഗ്യം കാട്ടിക്കൊണ്ട് നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ഞാനും, അനാഥയെ ഏറ്റെടുത്തവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും.' (ബു.)

ومن الله التوفيق لما يحب ويرضى